I. ഇ.ബി. XV-കേരള നിയമസഭ/XIII-6

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2025 ഫെബ്രുവരി 07, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ക്രമപ്രശ്നം

2024-ലെ സാമ്പത്തിക അവലോകനം സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ച്, ബജറ്റ് അവതരിപ്പിക്കുന്നതിന് ഒരു ദിവസംമുമ്പ് സാമ്പത്തിക അവലോകനം മേശപ്പുറത്ത് വയ്ക്കേണ്ടതും ആയത് അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്. ഇതുസംബന്ധിച്ച ബഹുമാനപ്പെട്ട ചെയറിന്റെ മുൻ റൂളിംഗിന് വിരുദ്ധമായ നടപടികളാണ് ഇന്നുണ്ടായിരിക്കുന്നത്. ഇതൊരു കീഴ്വഴക്കമാകാതിരിക്കാൻ നിർദേശം നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇടവേളയ്ക്കുശേഷം സഭ തുടങ്ങുന്ന ദിവസംതന്നെ ബജറ്റ് അവതരിപ്പിച്ചതിനാലാണ് സാമ്പത്തിക അവലോകനം നേരത്തെ മേശപ്പുറത്തുവയ്ക്കാൻ സാധിക്കാത്തത്.

**റൂളിംഗ്**

മി. സ്പീക്കർ: 2025 ജനുവരി 17-ാം തീയതി പതിമൂന്നാം സമ്മേളനം ആരംഭിച്ചുവെങ്കിലും ഒരു ഇടവേളയ്ക്കുശേഷമാണ് ഇന്ന് വീണ്ടും ചേരുന്നത്. അതിനാലാണ് 2024-ലെ സാമ്പത്തിക അവലോകനം ബജറ്റ് അവതരണത്തിനുമുമ്പ് സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത്. സാമ്പത്തിക അവലോകനം അംഗങ്ങൾക്ക് മുൻകൂട്ടി ലഭ്യമാക്കണമെന്ന ആവശ്യം ന്യായമാണെന്നാണ് ചെയറിന്റെയും അഭിപ്രായം. ഭാവിയിൽ ഇതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്.

**II ധനകാര്യം**

2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിന്റെ അവതരണം

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-26 മുതൽ 2027-28 വരെയുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റ്, മീഡിയം ടേം ഫിസ്കൽ പ്ലാൻ അടക്കമുള്ള സ്ട്രാറ്റജി സ്റ്റേറ്റ്മെന്റുകൾ, 2024-25

സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റ്, കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഫിഡലിറ്റി സർട്ടിഫിക്കറ്റ്, സാമ്പത്തിക അവലോകനം -2024 എന്നിവ മേശപ്പുറത്തുവച്ചു.

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ചു.

രാവിലെ 9.01-ന് ആരംഭിച്ച ബജറ്റ് പ്രസംഗം 11.33-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബജറ്റ് ഡോക്യുമെന്റ്സിന്റെ പകർപ്പുകൾ അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലും മന്ത്രിമാർക്ക് അവരവരുടെ ഓഫീസുകളിലും എത്തിക്കുന്നതാണ്. ബജറ്റ് പ്രസംഗത്തിന്റെ പകർപ്പ് നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽനിന്നും 'കേരള ബജറ്റ് എന്ന ആപ്ലിക്കേഷനിലൂടെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

(ബജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.35-ന് പിരിഞ്ഞു.

******